നം. പി.എൽ1(എ)/മോൺ/24217/2019

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി - 10 /11/2021

## പരിപത്രം

വിഷയം:- ബഹു.മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ- മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനം- 2021 ഒക്ടോബർ 5 ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗം- സംബന്ധിച്ച്

പരാമർശം :- 2021 ഒക്ടോബർ 5 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് 05/10/2021 ൽ ബഹു.മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖേന കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പിലെ തീരുമാന പ്രകാരം CMO portal ൽ ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിൽ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1) മുഖമന്ത്രിക്ക് ലഭിക്കുന്ന പരാതികളിന്മേൽ 15 ദിവസത്തിനകം തീർപ്പാക്കി പരാതിക്കാർക്ക് മറുപടി നൽകുന്നുണ്ടെന്ന് ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണ്.
2) ആർക്കെതിരെയാണോ പരാതി ഉന്നയിക്കപ്പെട്ടത്, പ്രസ്തുത ഉദ്യോഗസ്ഥനെ ചുമതല ഏൽപ്പിക്കുവാൻ പാടില്ല.
3) എല്ലാ കാര്യാലയങ്ങളിലും CMO portal കൈകാര്യം ചെയ്യാൻ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ടി ഉദ്യോഗസ്ഥന്റെ പേരുവിവരം ഓഫീസിൽ പ്രദർശിപ്പിക്കണം.
4) പരാതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിച്ചെത്തുന്ന പരാതിക്കാരെ പരാതി സംബന്ധിച്ച നിജസ്ഥിതി അറിയിക്കണം.
5) CMO portal കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പരാതി തീർപ്പാക്കൽ പുരോഗതി റിപ്പോർട്ട് അതാത് മാസം മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിക്കേണ്ടതാണ്.
6) ഓഫീസ് മേധാവി പരാതി കണ്ടു എന്ന് ഉറപ്പാക്കുകയും പ്രധാന പരാതികൾ നേരിട്ട് പരിശോധിക്കുകയും ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഓഫീസിൽ ഉണ്ടാക്കുകയും ചെയ്യണം.

**മേൽ വിവരിച്ച നിർദ്ദേശങ്ങൾ കൃത്യനിഷ്ഠയോടെ നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുവാൻ താൽപര്യപ്പെടുന്നു.**

ചീഫ് എഞ്ചിനീയർ (I &A)

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും, എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്), എക്സിക്യൂട്ടീവ് എഞ്ചിനീയർ (വർക്സ്/ പ്ലാനിംഗ്), സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഇറിഗേഷൻ)/ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.